# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1466

13-06-2014 ൽ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ നെൽക്കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ നെൽക്കൃഷി ചെയ്യുന്ന നിലത്തിന്റെ വിസ്തൃതി എത്രയാണ്; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ രണ്ടു സീസണുകളിലായി (വിരിപ്പ്, മുണ്ടകൻ) 76.6 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നു.

| | |
|---|---|
| വാമനപുരം | - 25 ഹെക്ടർ |
| നെല്ലനാട് | - 20 ഹെക്ടർ |
| പെരിങ്ങമ്മല | - 22 ഹെക്ടർ |
| കല്ലറ | - 2 ഹെക്ടർ |
| പാങ്ങോട് | - 0.6 ഹെക്ടർ |
| പുല്ലംപാറ | - 2 ഹെക്ടർ |
| നന്ദിയോട് | - 3 ഹെക്ടർ |
| ആനാട് | - 2 ഹെക്ടർ |
| പനവൂർ | - - |
| ആകെ | - 76.6 ഹെക്ടർ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മണ്ണിട്ടു നികത്തിയ നെൽവയലുകളുടെ വിസ്തൃതി എത്ര യാണെന്നുള്ള പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി)

| | |
|---|---|
| വാമനപുരം | - ഇല്ല |
| നെല്ലനാട് | - ഇല്ല |
| പെരിങ്ങമ്മല | - 10 സെന്റ് (1 അപേക്ഷ) |
| കല്ലറ | - ഇല്ല |
| പാങ്ങോട് | - 57 സെന്റ് (4 അപേക്ഷകർ) |
| പുല്ലംപാറ | - 78.5 സെന്റ് (2 അപേക്ഷകർ) |
| നന്ദിയോട് | - 167 സെന്റ് (4 അപേക്ഷകർ) |
| ആനാട് | - 52 സെന്റ് |
| ആകെ | - 364.5 സെന്റ് |

| | | | |
|---|---|---|---|
| (സി) | നെൽക്കൃഷി വ്യാപിപ്പി ക്കുന്നതിനും പ്രോത്സാ ഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടി കളാണ് കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ സർക്കാർ സ്വീകരിച്ച തെന്ന് വിശദീകരി ക്കാമോ; ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പി ക്കുന്നതിനുമായി കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, കേന്ദ്ര സർക്കാർ സഹായ ത്തോടെയുള്ള മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവല്ക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിയ്ക്കുള്ള ഉല്പാദനബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതു ഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്ര വല്ക്കരണം എന്നിവയും, സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശുനിലകൃഷി, നെൽകൃഷിയ്ക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡമോൺസ്റ്റേഷൻ, ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി, നെൽകൃഷി അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽ വികസന ഏജൻസികൾക്കുള്ള ധനസഹായം എന്നിവയാണ് മറ്റു പദ്ധതികൾ. 2014-15 വർഷ ത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം 180000 ഹെക്ടറി ലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസന ത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ